# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6658 — 1.11.2011-ലെ മറുപടിക്ക്

### ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. വി. ശശി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. അജിത് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എതെല്ലാം നഗരങ്ങളിലാണ് ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കിവരുന്നത് ; | (എ) ജൈക്ക സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി തിരുവനന്തപുരം കോഴിക്കോട് എന്നീ നഗരങ്ങളിലാണ് നടപ്പിലാക്കുന്നത്. കൂടാതെ മീനാട് പദ്ധതിയിൽ പരവൂർ മുൻസിപ്പാലിറ്റിയും, ചേർത്തല പദ്ധതിയിൽ ചേർത്തല മുൻസിപ്പാലിറ്റിയും പട്ടുവം പദ്ധതിയിൽ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്നു. |
| (ബി) ഈ പദ്ധതിയുടെ സാങ്കേതികവശങ്ങളിൽ വാട്ടർ അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകുന്നുണ്ടോ; | (ബി) പദ്ധതി പ്രവർത്തനത്തിന് സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള വാട്ടർ അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പദ്ധതിയുടെ ഭാഗമായുള്ള ശുചീകരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന്റെ ചുമതല ആർക്കാണ്; | (സി) തിരുവനന്തപുരം, മീനാട് പദ്ധതികളുടെ ശുദ്ധീകരണ പ്ലാന്റുകൾ മാത്രമേ ഇതുവരെ പൂർത്തിയായിട്ടുള്ളൂ. കരാറുകാരാണ് ഇപ്പോൾ ശുദ്ധീകരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നത്. |
| (ഡി) ഈ പദ്ധതി തുടങ്ങി എത്ര കാലത്തിനുള്ളിൽ പരിശീലനം നൽകണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്; കരാർ പ്രകാരമുള്ള പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) പദ്ധതി പൂർത്തിയായതിന് ശേഷം രണ്ടു വർഷം കോൺട്രാക്ടറുടെ ഡിഫക്ട് ലയബിലിറ്റി പീരീഡാണ്. ഈ കാലയളവിലാണ് പരിശീലന പരിപാടികൾ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഡിഫക്ട് ലയബിലിറ്റി പീരിയഡിൽ കരാറുകാർ തന്നെയാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. കരാർ പ്രകാരമുള്ള പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ